തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കെ.പി.എസ്.സി. മുഖേന നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. സ്റ്റാറ്റ്യൂട്ട് ഭേദഗതിക്ക് ബഹുമാനപ്പെട്ട ചാൻസലറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണഘടനയുടെ 321-ാം അനുച്ഛേദം അനുശാസിക്കും വിധമുള്ള നിയമ നിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ സർവ്വകലാശാലയ്ക്ക് സാധിക്കുകയുള്ളൂ.

പോളച്ചിറ ഏലായിൽ പുഞ്ചകൃഷി

206 (1582) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ പുഞ്ചകൃഷിക്ക് യോഗ്യമായ എത്ര ഏക്കർ ഭൂമി ഉണ്ടെന്ന് കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമി എത്ര കൃഷിക്കാരുടെ കൈവശമാണെന്നും, കൃഷി നടപ്പിലാക്കുമ്പോൾ എത്ര കൃഷിക്കാർ വരെ കൃഷിക്ക് താല്പര്യം കാണിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) 2015-16 വർഷം പ്രസ്തുത ഏലായിൽ പുഞ്ചകൃഷി നടത്തുന്നതിലേക്കായി ത്രിതല പഞ്ചായത്തും, കൃഷിവകുപ്പും ചേർന്ന് പദ്ധതി ആസൂത്രണം ചെയ്തിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത പുഞ്ചകൃഷി ആരംഭിക്കുന്നതിലേക്കായി തടസ്സങ്ങൾ വല്ലതും ഉണ്ടായിരുന്നോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി എന്ത് നടപടികളാണ് അധികൃതർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പോളച്ചിറ ഏലായിൽ പുഞ്ചകൃഷി ലാഭകരമായി നടത്താമെന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൃഷിഭവൻ അടിസ്ഥാനരേഖ രജിസ്റ്റർ പ്രകാരം പോളച്ചിറ ഏലായിൽ 1000 ഏക്കർ സ്ഥലമുള്ളതിൽ 500 ഏക്കർ സ്ഥലം പുഞ്ചനെൽകൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോളച്ചിറ ഏലായിലുള്ള ഭൂമി ഏകദേശം 400 ഓളം കർഷകരുടെ കൈവശത്തിലാണ്. അതിൽ 200 ഓളം കർഷകർ പുഞ്ചനെൽകൃഷി ചെയ്യുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) പുഞ്ചകൃഷി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ കർഷകരുടെ ഒരു യോഗം വിളിക്കുകയും ആയത് പ്രകാരം നടത്തിയ ചർച്ചയിൽ നബാർഡ് പദ്ധതി പൂർത്തീകരിക്കാതെ പുഞ്ചകൃഷി ചെയ്യുന്നത് കൃഷിക്ക് അനുകൂലമായിരിക്കില്ലായെന്ന് പൊതുവേ കർഷകർ അഭിപ്രായപ്പെട്ട നബാർഡ് പദ്ധതി യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നത് പുഞ്ചകൃഷിക്ക് തടസ്സമായിട്ടുണ്ട്.

(ഇ) 2013 വർഷത്തിലെ പുഞ്ചനെൽകൃഷി ചെയ്തപ്പോൾ ഉൽപ്പാദിപ്പിച്ച 320 ടൺ നെല്ലിന് അന്നത്തെ വിലയായ കിലോയ്ക്ക് 16 രൂപ പ്രകാരം 51,20,000 രൂപ ആദായമുണ്ടായിരുന്നു. കൂടാതെ മത്സ്യം ലേലം ചെയ്തത് പ്രകാരവും വരുമാന മുണ്ടായിട്ടുണ്ട്. ഉൽപ്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ പുഞ്ചകൃഷി വളരെ ലാഭകരമായിരുന്നു.

ധർമ്മടം നിയോജകമണ്ഡലത്തിലെ കൃഷിവകുപ്പിന്റെ പദ്ധതികൾ

207 (1583) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ധർമ്മടം നിയോജകമണ്ഡലത്തിൽ കൃഷിവകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

208 (1584) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കുളങ്ങൾ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly